# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 635

02.11.2016 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കിംഗ് മേഖലയുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.പി. ഉണ്ണി<br>ശ്രീ. എം. രാജഗോപാലൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാ സഹകരണ ബാങ്കുകളുടെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. നബാർഡിന്റെ സ്റ്റാറ്റ്യൂട്ടറി ഇൻസ്പെക്ഷൻ, ആഡിറ്റ് പ്രകാരമുള്ള വിലയിരുത്തൽ, സലീം ഗംഗാധരൻ കമ്മിറ്റി എന്നിവ പ്രകാരം സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ട്. |
| (ബി) ഇവ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) നിഷ്ക്രിയ ആസ്തി വർദ്ധനവ്, കുറഞ്ഞ വായ്പാ നിക്ഷേപ അനുപാതം, മറ്റ് സേവിംഗ്സ് നിക്ഷേപത്തേക്കാൾ കൂടുതൽ സ്ഥിരനിക്ഷേപം, നിശ്ചിത മൂലധന പര്യാപ്തത കൈവരിക്കണമെന്ന റിസർവ്വ് ബാങ്കിന്റെ നിർദ്ദേശം, CMA Norms (ക്രെഡിറ്റ് മോണിട്ടറിംഗ് അറേഞ്ച്മെന്റ്) ന്റെ കാലോചിതമായ പരിഷ്കരണം, സർക്കാർ അനുബന്ധ വായ്പകളിലെ കുടിശ്ശിക ക്രമപ്പെടുത്തുക മുതലായവയാണ് സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും നേരിടുന്ന പ്രശ്നങ്ങൾ. |
| (സി) വായ്പ-നിക്ഷേപ അനുപാതം മെച്ചപ്പെടുത്തുന്നതിനും നിഷ്ക്രിയ ആസ്തികൾ കുറയ്ക്കുന്നതിനും എന്തൊക്കെ നിർദ്ദേശങ്ങളാണുള്ളത്; | (സി) വായ്പാ നിക്ഷേപ അനുപാതം വർദ്ധിപ്പിച്ചും, പുതിയ വായ്പാ പദ്ധതികൾ ആരംഭിച്ചും, വായ്പാ നിക്ഷേപ അനുപാതം മെച്ചപ്പെടുത്താവുന്നതും, വായ്പാ തിരിച്ചടവ് കൃത്യമാക്കി നിഷ്ക്രിയ ആസ്തി കുറയ്ക്കാവുന്നതുമാണ്. |

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ നൽകുന്ന കാർഷികവായ്പയുടെ അനുപാതം എത്രയാണ്; ഇത് മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കാനാണ് ഉദ്ദേശിക്കുന്നത്?

(ഡി) **<u>31.3.2016 ലെ കാർഷിക വായ്പാ അനുപാതം</u>**

സംസ്ഥാന സഹകരണ ബാങ്ക് - 44%
ജില്ലാ സഹകരണ ബാങ്ക് - 12.23%

പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ വിതരണം വർദ്ധിപ്പിച്ചാൽ മാത്രമേ ജില്ലാ സഹകരണ ബാങ്കുകളുടേയും, സംസ്ഥാന സഹകരണ ബാങ്കിന്റേയും കാർഷിക വായ്പാനുപാതം വർദ്ധിപ്പിക്കുവാൻ കഴിയുകയുള്ളൂ.

സെക്ഷൻ ഓഫീസർ